©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

249/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 791/2016) | .. | 21 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 792/2016) | .. | 31 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. എം. മുകേഷ്, എം. എൽ. എ.

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.

ശ്രീ. വി. കെ പ്രശാന്ത്, എം. എൽ. എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.

ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ് . എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിനെട്ടാമത് റിപ്പോർട്ട് 2014 ഫെബ്രുവരി 3-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2011-2014)-യുടെ പതിനെട്ടാമത് റിപ്പോർട്ട് 2014 ഫെബ്രുവരി 3-ാം തീയതി സഭയിൽ സമർപ്പിച്ചു. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് (2011-ലെ 6)-ന്റെ കീഴിൽ പുറപ്പെടുവിച്ച 116/2011, 246/2013, 247/2013 എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.-കൾ സമിതി സൂക്ഷ്മപരിശോധന നടത്തുകയും സാംസ്കാരിക കാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളുമായിരുന്നു പ്രസ്തുത റിപ്പോർട്ടിലെ 5 മുതൽ 80 വരെയുള്ള ഖണ്ഡികകളിലായി ഉൾപ്പെട്ടിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ നിയമ വകുപ്പിൽ നിന്നും ലഭിച്ച 16-5-2014-ലെ കത്ത് മുഖേനയുള്ള നടപടി പത്രിക 23-7-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സാംസ്കാരിക കാര്യ വകുപ്പിൽ നിന്നും ലഭിച്ച 3-7-2015, 19-3-2016, 28-9-2018, 5-4-2019, 17-6-2019, 4-1-2020 എന്നീ തീയതികളിലെ കത്ത് മുഖേനയുള്ള നടപടി പത്രികകൾ 22-9-2015, 4-1-2017, 16-1-2019, 5-8-2019, 8-10-2020, 12-2-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി(2011-2014)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടിയും സമിതി ആവശ്യപ്പെട്ട അധിക വിവരവും അവയ്ക്ക് ലഭിച്ച മറുപടിയും അദ്ധ്യായം II-ലും സമിതിയുടെ തുടർശിപാർശ അദ്ധ്യായം III-ലും ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്യായം III-ലെ തുടർശിപാർശയ്ക്ക് സാംസ്കാരികകാര്യ വകുപ്പ് അടിയന്തരമായി മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## അദ്ധ്യായം II

സമിതി (2011-2014)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, അധിക വിവരം, സർക്കാർ മറുപടി എന്നിവ.

എസ്. ആർ. ഒ. നമ്പർ 116/2011

ജി. ഒ. (പി) നമ്പർ 8/2011/CAD, തീയതി 10-2-2011

### ശിപാർശ (ഖണ്ഡിക 5)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് മലയാളത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെങ്കിലും ആക്റ്റിന് പ്രാബല്യം നൽകിക്കൊണ്ട് പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. ഇംഗ്ലീഷിൽ മാത്രമാണ് പ്രസിദ്ധീകരിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി പ്രസ്തുത എസ്.ആർ.ഒ.-യുടെ മലയാളത്തിലുള്ള പതിപ്പ് പ്രസിദ്ധീകരിക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ ഇത്തരത്തിലുള്ള തെറ്റുകൾ നിരവധി തവണ ആവർത്തിച്ച് വരുത്തുന്നതിനാൽ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഇതിനുവേണ്ടി സ്വീകരിച്ച നടപടി എന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 6)

ഓരോ വകുപ്പുകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന ആക്റ്റുകളും ചട്ടങ്ങളും പദ്ധതികളും ഇംഗ്ലീഷിലാണെങ്കിൽ ആയത് മലയാളത്തിലുംകൂടി പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി (ശിപാർശ 5, 6)

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന എസ്.ആർ.ഒ.-കൾ ബന്ധപ്പെട്ട ആക്റ്റ് ഏത് ഭാഷയിലാണോ നിയമസഭ പാസ്സാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത് അതേ ഭാഷയിൽ തന്നെ പ്രസിദ്ധീകരിക്കണമെന്നും ആക്റ്റുകളും പദ്ധതികളും എസ്.ആർ.ഒ.-കളും ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് എങ്കിൽ അവ മലയാളത്തിലും കൂടി പ്രസിദ്ധീകരിക്കണമെന്നും അവ മലയാളത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് എങ്കിൽ അവയുടെ ഇംഗ്ലീഷിലുള്ള തർജ്ജമ ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തോടു കൂടിയുള്ള ആധികാരിക പാഠമായി ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള 5-4-2014-ലെ 5795/ലെജ്.ഡി1/2014/നിയമം നമ്പർ പരിപത്രം ബഹു. ചീഫ് സെക്രട്ടറിയുടെ അംഗീകാരത്തോടുകൂടി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

(നിയമ വകുപ്പ് 16-5-2014-ലെ 5795/നിയമനിർമ്മാണം ഡി1/2014/നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 23-7-2014-ലെ സമിതി യോഗം അംഗീകരിച്ചു)

എസ്.ആർ.ഒ. നമ്പർ 246/2013

**ശിപാർശ (ഖണ്ഡിക 10)**

ആക്റ്റ് നിലവിൽവന്നു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കാൻ വേണ്ട നടപടി ബന്ധപ്പെട്ട വകുപ്പ് കൈക്കൊള്ളണമെന്നും ആയതിലൂടെ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കാനുള്ള കാലതാമസം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ കണക്കിലെടുത്ത് നടപടി സ്വീകരിച്ചു വരുന്നു.

(സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ലെ സമിതിയോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 11)**

ഖണ്ഡിക 2(ഡി)-യിലെ 'കേരള സംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ' എന്നത് 'കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ' എന്നും ഖണ്ഡിക 2(ജി)യിലെ 'സൂപ്പർ ആനുവേഷൻ' എന്നത് 'സൂപ്പറാന്വേഷൻ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 12)**

ഖണ്ഡിക 2(എഫ്)-ലെ 'ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി' എന്നത് ആക്റ്റിലേതുപോലെ 'ചീഫ് എക്സിക്യൂട്ടീവ് അധികാരി' എന്ന് തിരുത്തൽ വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

ഖണ്ഡിക 2 ജി-യിൽ 'സൂപ്പറാന്വേഷൻ എന്നാൽ ഒരു സാംസ്കാരിക പ്രവർത്തകന് 60 വയസ്സ് പൂർത്തിയാകുക എന്നർത്ഥമാകുന്നു' എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 14)**

ഖണ്ഡിക 3(2), 'ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം നിധിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അംഗത്വത്തിനു വേണ്ടിയുള്ള അപേക്ഷ 1-ാം നമ്പർ ഫാറത്തിൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്' എന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 15)

ഖണ്ഡിക 3(2)-ന്റെ പ്രൊവൈസോയിൽ "7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തം നിബന്ധനപ്രകാരം" എന്നത് "7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തംനിബന്ധനപ്രകാരം" എന്നും ഫാറം 1-ൽ "ഖണ്ഡിക 3(1) കാണുക" എന്നത് "ഖണ്ഡിക 3(2) കാണുക" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 16)

ഖണ്ഡിക 3(6)-ൽ "2-ാം ഉപഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്" എന്നത് "1-ാം ഉപഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ് " എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 17)

ഫാറം 1-ൽ ക്രമനമ്പർ 3-ലെ ജനനതീയതിയും പൂർത്തിയായ വയസ്സും എന്നതിനു താഴെയായി ബ്രാക്കറ്റിൽ "രേഖകൾ ഹാജരാക്കിയിരിക്കണം" എന്നുകൂടി ചേർക്കാനും ക്രമനമ്പർ 11-ന് താഴെയായി "അംഗത്വ നമ്പർ പ്രാബല്യത്തിൽ വന്ന തീയതി, അംശദായം ഏതു തീയതി വരെ അടച്ചു, കൈപ്പറ്റിയ/കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ" എന്നതുകൂടി ഉൾപ്പെടുത്താനും ക്രമനമ്പർ 12-ൽ "ഏർപ്പെട്ടരിക്കുന്നുവെങ്കിൽ" എന്നത് "ഏർപ്പെട്ടിരിക്കുന്നുവെങ്കിൽ" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 18)

ഫാറം 1-ന്റെ തലക്കെട്ട് "അംഗത്വത്തിനുള്ള അപേക്ഷ" എന്നത് "അംഗത്വത്തിനും നാമനിർദ്ദേശത്തിനുമുള്ള അപേക്ഷ" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 19)

പദ്ധതിയിലെ 5-ാം ഖണ്ഡിക പ്രകാരം "പദ്ധതിയിലെ ഏതൊരു അംഗത്തിനും ഭാവിയിൽ കുടുംബത്തിൽവരുന്ന മാറ്റം അനുസരിച്ച് നാമനിർദ്ദേശത്തിൽ ഭേദഗതി വരുത്താവുന്നതാണ് " എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പുനഃനാമനിർദ്ദേശം ചെയ്യുന്നതിനുള്ള സൗകര്യം ഫാറം നമ്പർ 1-ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതും കൂടി ഫാറത്തിൽ ഉൾപ്പെടുത്തി ഖണ്ഡിക 5 ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 20)**

പദ്ധതിയിലെ 6-ാം ഖണ്ഡികയുടെ തലക്കെട്ട് "അംഗത്വ രജിസ്റ്ററും തിരിച്ചറിയൽ കാർഡും" എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 11, 12, 13, 14, 15, 16, 17, 18, 19, 20)**

എസ്.ആർ.ഒ. നമ്പർ 246/2013-ൽ സമിതി നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തി എസ്.ആർ.ഒ.792/2016 പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം II)

(പ്രസ്തുത നടപടി 12-2-2021-ലെ സമിതി യോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 21)**

പദ്ധതിയിലെ എല്ലാ ഫാറങ്ങളുടെയും മുകളിലായി "2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി" എന്നത് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഖണ്ഡിക 21-ലെ ശിപാർശ പരിഗണിച്ച് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 792/2016 പ്രകാരം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയുടെ എല്ലാ ഫാറങ്ങളുടെയും മുകളിൽ 'കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി' എന്ന് ചേർത്ത് സമിതി നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

(സാംസ്കാരികകാര്യ വകുപ്പ് 5-4-2019-ലെ 6358/സി3/2014/സാം.കാ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 5-8-2019-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 22)**

ഫാറം 2-ൽ 'ഖണ്ഡിക 6(1) കാണുക' എന്നത് 'അംഗത്വ രജിസ്റ്റർ' എന്ന തലക്കെട്ടിന് മുകളിൽ ചേർക്കാനും ഫാറം2-ലെ 2-ാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന "അംഗത്വത്തിന്റെ പേരും മേൽവിലാസവും" എന്നത് "അംഗത്തിന്റെ പേരും മേൽവിലാസവും" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 23)**

ഫാറം 2-ലെ 3-ാമത്തെ കോളത്തിലെ 'അപേക്ഷ തീയതി' എന്നത് 'അപേക്ഷ ലഭിച്ച തീയതി' എന്ന് തിരുത്തൽ വരുത്തണമെന്നും ഫാറം 3-ലെ ക്രമനമ്പർ 6-ാമതായി പറഞ്ഞിരിക്കുന്ന "രജിസ്ട്രേഷൻ നമ്പർ ഏത് തീയതി മുതൽ" എന്നത് "അംഗത്വം നൽകിയ തീയതി" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 24)

ഖണ്ഡിക 7 " ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ഓരോ അംഗവും അംശദായം നൽകേണ്ടതും ഓരോ അംഗവും അംശദായം അടച്ച വിശദാംശങ്ങൾ 4-ാം നമ്പർ ഫാറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്." എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 25)

ഈ പദ്ധതിയിൽ വ്യക്തിഗത അംശദായ രജിസ്റ്റർ മാത്രമെ പരാമർശിച്ചിട്ടുള്ളൂ എന്നതിനാൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലേതുപോലെ അംശദായ രജിസ്റ്റർകൂടി ഉൾപ്പെടുത്തണമെന്നും അതനുസരിച്ച് ഖണ്ഡിക 7-ൽ അംശദായ രജിസ്റ്ററിലും രേഖപ്പെടുത്തണമെന്ന നിർദ്ദേശം ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 26)

വ്യക്തിഗത അംശദായ രജിസ്റ്ററിന്റെ മാതൃകയുള്ള ഫാറം4-ൽ "അംഗത്തിന്റെ പേരും മേൽവിലാസവും" എന്നതിനുശേഷം " അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി" കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 27)

ഫാറം 4-ന്റെ 5-ാം കോളത്തിൽ "അടച്ച രീതി" എന്ന വാക്കുകൾക്കുശേഷം ബ്രാക്കറ്റിൽ "ചെക്ക്/ഡി.ഡി./ക്യാഷ്" എന്നിവയുടെ കൂടെ ഇ-പേയ്മെന്റ് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 22, 23, 24, 25, 26, 27)

എസ്.ആർ.ഒ. നമ്പർ 246/2013-ൽ സമിതി നിർദ്ദേശിച്ച ഭേദഗതി 792/2016 നമ്പർ എസ്. ആർ. ഒ.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം II).

(പ്രസ്തുത നടപടി 12-2-2021-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ (ഖണ്ഡിക 28)

ആക്റ്റിലെ 3-ാം വകുപ്പ് (2) (ii) ഉപവകുപ്പപ്രകാരം കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും സംഭാവനകളും നിധിയിൽ വരവുവയ്ക്കുന്ന ഫാറത്തിന്റെ മാതൃക പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നമ്പർ 791/2016 [സ.ഉ.(കൈ) നമ്പർ 23/2016/സാം.കാ.വ, തീയതി 9-12-2016] പ്രകാരം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ചട്ടങ്ങൾ ഭേദഗതി ചെയ്ത് 11-ാം ചട്ടത്തിലെ നിലവിലുള്ള ചട്ടത്തിന് (1)-ാം ഉപചട്ടമായി അക്കമിട്ട് തുടർന്ന് 2-ാം ഉപചട്ടം ചേർത്തിട്ടുള്ളതാണ്. പ്രസ്തുത ഉപചട്ടത്തിൽ 'ഓഫീസിൽ ലഭിക്കുന്ന ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ 4-ാം നമ്പർ ഫാറത്തിലെ രജിസ്റ്റർ ഓഫ് വാല്യബിൾസിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14-ാം ചട്ടത്തിനു ശേഷം പ്രസ്തുത ഫാറം ചട്ടങ്ങളിൽ ചേർക്കുന്നതിനും മേൽ ഭേദഗതി പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച എസ്.ആർ.ഒ.-യുടെ പേജ് നമ്പർ 9 ലായി ഫാറം 4 'ഓഫീസിൽ ലഭിച്ചിട്ടുള്ള മൂല്യവസ്തു സംബന്ധിച്ച രജിസ്റ്റർ' എന്ന തലക്കെട്ടിൽ സമിതി നിഷ്കർഷിച്ചിട്ടുള്ള ഫാറത്തിന്റെ മാതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സാംസ്കാരികകാര്യ വകുപ്പ് 4-1-2020-ലെ 6358/സി3/14/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 8-10-2020-ലെ സമിതി യോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക 29)

സെപ്റ്റംബർ 30 വരെ എന്ന തീയതി ഉൾപ്പെടുത്തി ആക്റ്റിന്റെ 6(4)-ലെ വ്യവസ്ഥ പറഞ്ഞിരിക്കുന്നത് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 30)

ഖണ്ഡിക 12-ൽ "ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം സർക്കാർ ഓരോ വർഷവും ഗ്രാന്റായി നൽകേണ്ട തുക ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനു വേണ്ടി, ഗ്രാന്റായി നൽകേണ്ട തുകയുടെ പൂർണ്ണവിവരം അടുത്ത വർഷം നവംബർ 30-ാം തീയതിക്കുമുമ്പായി സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്ന വ്യവസ്ഥയിൽ "അടുത്ത വർഷം" എന്ന വാക്കുകൾക്ക് പകരം "ഓരോ വർഷവും" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 31)

ഖണ്ഡിക 11(1)-ൽ "ആക്റ്റിലെ 6-ാം വകുപ്പു പ്രകാരം അടയ്ക്കേണ്ടതായ അംശദായം തുടർച്ചയായി ഒരു വർഷക്കാലമോ അതിലധികമോ അടയ്ക്കാതിരിക്കുന്ന ഒരംഗത്വത്തിന്റെ അംഗത്വം സ്വമേധയാ റദ്ദാക്കുന്നതാണ്." എന്നതിൽ "ഒരംഗത്വത്തിന്റെ അംഗത്വം" എന്നത് 'ഒരംഗത്തിന്റെ അംഗത്വം' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 32)

ഖണ്ഡിക 14(1)-ലെ അവസാനത്തെ വരിയിൽ "സൂപ്പർ ആന്വേഷൻ പെൻഷന്" എന്നത് "സൂപ്പറാന്വേഷൻ പെൻഷന്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 34)

ആയതിനാൽ ഖണ്ഡിക 14(2) " നിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ..... ഉണ്ടായിരിക്കുന്നതാണ്." എന്നത് "നിധിയിൽ കുറഞ്ഞത് അഞ്ച് വർഷം അംശദായം അടച്ചവരും ................ ഉണ്ടായിരിക്കുന്നതാണ്." എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 35)

ഖണ്ഡിക 15(2) പ്രകാരം "മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ മുൻഗണനാക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്." എന്ന് പറഞ്ഞിരിക്കുന്നത് കുറച്ചുകൂടി വ്യക്തത വരുത്തി "മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ 2-ാം വകുപ്പ് (ജി) ഉപവകുപ്പിലെ മുൻഗണനാക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 36)

ഖണ്ഡിക 16-ലെ "സൂപ്പർ ആന്വേഷൻ" എന്നത് "സൂപ്പറാന്വേഷൻ" എന്നും ഫാറം നമ്പർ 5-ൽ "ഖണ്ഡിക 14(1) കാണുക" എന്നതിനുപകരം "ഖണ്ഡികകൾ 14(1), 16 കാണുക" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 37)

ഖണ്ഡിക 13(2)-ൽ പറഞ്ഞിരിക്കുന്ന സസ്പെൻസ് അക്കൗണ്ട് ഇൻവെർട്ടഡ് കോമയിൽ കൊടുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 38)

ഖണ്ഡിക 15(3)-ൽ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളിൽ അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 39)

വിവാഹാനുകൂല്യത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്ന ഖണ്ഡിക 17-ന്റെ (2)-ാം ഉപഖണ്ഡികയിൽ "ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി-പ്രസിഡന്റ്-ചെയർമാൻ-മേയർ, എം.എൽ.എ., എം.പി. ............." എന്ന് പറഞ്ഞിരിക്കുന്നതിൽ "ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ/ എം.എൽ.എ. ................." എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 40)**

ഖണ്ഡിക 16-ൽ "ആറു മാസത്തിനകം" എന്ന കാലാവധികൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്നും പെൻഷനുള്ള നടപടിക്രമം ഖണ്ഡിക 16-ൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40)**

സമിതി നിർദ്ദേശിച്ച ഭേദഗതി 792/2016 നമ്പർ എസ്.ആർ.ഒ.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം II)

**ശിപാർശ (ഖണ്ഡിക 41)**

ഖണ്ഡിക 17(1) പ്രകാരം ചികിത്സാ സഹായത്തിന് മൂന്ന് വർഷം അംശദായം അടയ്ക്കണമെന്ന മാനദണ്ഡം വയ്ക്കാനുള്ള കാരണം പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2013-ലെ കേരള സാംസ്കാരിക പ്രവർത്തകക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുള്ളത് സമാനക്ഷേമനിധി പദ്ധതികളുടെ ചുവട് പിന്തുടർന്നാണ്. എന്നാൽ മറ്റു പദ്ധതികളിൽ നിന്നും വിഭിന്നമായി സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ ചികിത്സാ ധനസഹായത്തിനായി മൂന്നു വർഷത്തെ അംഗത്വകാലാവധിയും വിവാഹധനസഹായത്തിന് ഒരു വർഷത്തെ അംഗത്വ കാലാവധിയുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതോടൊപ്പം തന്നെ പ്രസവാനുകൂല്യത്തിനായി മൂന്നു മാസത്തെ അംഗത്വ കാലയളവുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ലെജിസ്ലേഷൻ സമിതിയുടെ ഇക്കാര്യത്തിലുള്ള നിരീക്ഷണവും കണക്കിലെടുത്ത്, മറ്റ് ക്ഷേമനിധി പദ്ധതികളിലെ വ്യവസ്ഥകൾ പോലെ ചികിത്സാ ധനസഹായത്തിനായി ഒരു വർഷത്തെ അംഗത്വ കാലാവധിയായി വ്യവസ്ഥ ചെയ്യുകയായിരിക്കും ഉചിതമെന്ന് വിലയിരുത്തുന്നു. ഇതിന് നയപരമായ തീരുമാനമായശേഷം നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കുന്നതാണ്.

(സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**അധികവിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി**

ബോർഡിന്റെ സാമ്പത്തിക സ്ഥിതിയിൽ സ്ഥിരത കൈവന്നിട്ടില്ല. ധനസ്ഥിതി മെച്ചപ്പെടുന്ന അവസ്ഥയിൽ ബോർഡ് തീരുമാനമെടുത്തശേഷം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സാംസ്കാരികകാര്യ വകുപ്പ് 28-9-2018-ലെ 6358/സി3/15/സാം.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 16-1-2019-ൽ ചേർന്ന യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 42)**

ഒരാൾ മൂന്ന് മാസം അംശദായം അടച്ചശേഷം അംശദായം അടയ്ക്കുന്നത് നിർത്തിയാലും അവർക്ക് പ്രസവാനുകൂല്യത്തിന് 5,000 രൂപ ലഭിക്കുമെന്നും എന്നാൽ ചികിത്സാ സഹായത്തിന് മൂന്നുവർഷം അംശദായം അടച്ചാൽ 25,000 രൂപ മാത്രമാണ് ലഭിക്കുന്നതും എന്നതിൽ എന്ത് ഔചിത്യമാണുള്ളതെന്നും ഇത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**സ്വീകരിച്ച നടപടി**

ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന അവസ്ഥയിൽ ബോർഡ് തീരുമാനമെടുത്തശേഷം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**അധികവിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി**

ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ടിട്ടുള്ള അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നതാണ്.

(സാംസ്കാരികകാര്യ വകുപ്പ് 28-9-2018-ലെ 6358/സി3/15/സാം.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 16-1-2019-ൽ ചേർന്ന യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 43)**

ഫാറം 5-ലെ ക്രമനമ്പർ 1-ൽ "അപേക്ഷകന്റെ പേരും" എന്നത് "അംഗത്തിന്റെ പേരും" എന്നും സത്യപ്രസ്താവനയിൽ "അപേക്ഷകന്റെ ഒപ്പ്" എന്നതിനുപകരം "അംഗത്തിന്റെ ഒപ്പ്" എന്നും മാറ്റം വരുത്താനും അംഗത്തിന്റെ ഒപ്പിന്റെ കൂടെ പേരുംകൂടി ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

792/2016 നമ്പർ എസ്.ആർ.ഒ.-യിൽ പ്രസ്തുത മാറ്റം വരുത്തിയിട്ടുണ്ട്. (അനുബന്ധം II).

(പ്രസ്തുത നടപടി 12-2-2021-ലെ സമിതിയോഗം അംഗീകരിച്ചു)

**ശിപാർശ (ഖണ്ഡിക 44)**

ഒരംഗത്തിന്റെ അംഗത്വം നിഷേധിച്ചാൽ അപ്പീലിനു പോകാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ. നമ്പർ 246/2013 പ്രകാരം നിലവിൽ വന്ന കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ക്ഷേമനിധിയിൽ അംഗത്വം നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ പരാതിയുള്ളപക്ഷം അപേക്ഷകന് നിരസന ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം ചെയർമാന് അപ്പീൽ നൽകാവുന്നതും ചെയർമാൻ അപ്പീലിന്മേൽ തെളിവെടുപ്പ് നടത്തിയും ആവശ്യമായ രേഖകൾ പരിശോധിച്ചും ഉചിതമായ തീരുമാനമെടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സാംസ്കാരികകാര്യ വകുപ്പ് 17-6-2019-ലെ 6358/സി3/14/സാം.കാ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 5-8-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 45)**

ഫാറം നമ്പർ 5-ൽ "ആഫീസ് ഉപയോഗത്തിന്" എന്ന തലക്കെട്ടിന് താഴെയായി "സൂപ്പൽ ആന്വേഷൻ" എന്നത് "സൂപ്പറാന്വേഷൻ" എന്നും "അപേക്ഷ ഓഫീസിൽ ലഭിച്ചത് ........ -ന് ആണ്" എന്നും തിരുത്തൽ വരുത്താനും പെൻഷൻ അനുവദിച്ചെങ്കിൽ പെൻഷൻ നമ്പറുംകൂടി ഇതിൽ ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 46)**

ഫാറം നമ്പർ 5-ൽ "/നിരസിച്ചു (കാരണം)" എന്നത് അപേക്ഷ അനുവദിച്ചു എന്നതിന്റെ കൂടെ ഉൾപ്പെടുത്തിയിരിക്കുന്നത് ഉചിതമല്ല. കാരണം അതിനുമുകളിലായി അപേക്ഷ അനുവദിക്കാവുന്നതാണ് എന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ "താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു" എന്ന് അടുത്ത വരിയിലായും "കാരണം" അടുത്ത വരികളിലുമായും ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഫാറം നമ്പർ 5 അപ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 47)**

ഫാറം 6-ൽ "ഖണ്ഡിക 14 (2) കാണുക" എന്നത് "ഖണ്ഡികകൾ 14(2), 16 കാണുക" എന്നും ഫാറം 6-ലെ "അപേക്ഷകന്റെ" എന്നത് "അംഗത്തിന്റെ" എന്നും തിരുത്തൽ വരുത്താനും "അപേക്ഷകന്റെ ഒപ്പ്/വിരലടയാളം" എന്നതിന്റെ കൂടെ പേരും കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 48)**

ഫാറം നമ്പർ 6-ൽ ആഫീസ് ഉപയോഗത്തിന് എന്നതിനു താഴെയായി "അപേക്ഷ അനുവദിച്ചു/നിരസിച്ചു (കാരണം)" എന്നതിൽ "നിരസിച്ചു/കാരണം" എന്നത് "സെക്രട്ടറി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന് മുകളിലായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 49)**

ഫാറം നമ്പർ 7-നു താഴെയായി "ഖണ്ഡിക 15 കാണുക" എന്നത് "ഖണ്ഡിക 15, 16 കാണുക" എന്നും ഫാറം 7-ലെ ക്രമനമ്പർ 9-ലെ "അപേക്ഷന്" എന്നത് "അപേക്ഷകന്" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 50)**

ഖണ്ഡിക 17 പ്രകാരമുള്ള വിവാഹാനുകൂല്യത്തിനുള്ള അപേക്ഷയുടെ മാതൃക പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 51)**

ഖണ്ഡിക 18-ന്റെ തലക്കെട്ട് "അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്" എന്ന് ചേർത്തിരിക്കുന്നത് "അംഗത്തിന്റെ മരണാനന്തര ചെലവ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 52)

ഖണ്ഡിക 19 പ്രകാരമുള്ള "ചികിത്സാ സഹായത്തിനുള്ള അപേക്ഷയുടെ മാതൃക" പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 53)

ഖണ്ഡിക 24-ൽ ആനുകൂല്യത്തിനുള്ള അപേക്ഷ നൽകുന്ന രീതിയും ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുന്നതിനെക്കുറിച്ചുമാണ് പരാമർശിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ പെൻഷനും അവശതാ പെൻഷനും കുടുംബപെൻഷനും മാത്രമാണ് അപേക്ഷയുടെ മാതൃക ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിവാഹാനുകൂല്യത്തിന് അപേക്ഷ നൽകേണ്ട കാലയളവ് പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ചികിത്സാ സഹായത്തിനോ മരണാനന്തര ചെലവിനോ മരണാനന്തര സഹായത്തിനോ വിദ്യാഭ്യാസാനുകൂല്യത്തിനോ വ്യക്തമായ കാലയളവ് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ, മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കായി വ്യക്തവും നിയതവുമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് ഖണ്ഡിക 24 ഭേദഗതി ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 54)

ഖണ്ഡിക 20 പ്രകാരമുള്ള "വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ"യുടെ മാതൃകയും ഖണ്ഡിക 21 പ്രകാരമുള്ള "മരണാനന്തര സഹായത്തിനുള്ള അപേക്ഷ"യുടെ മാതൃകയും ഖണ്ഡിക 22 പ്രകാരമുള്ള "പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ"യുടെ മാതൃകയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 55)

ഖണ്ഡിക 26-ലെ അവസാനത്തെ വരിയിൽ "............ ബഡ്ജറ്റ് ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്" എന്നത് "............ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്" എന്നും പദ്ധതിയിലെ ഖണ്ഡിക 26-ന്റെ (4)-ാം ഉപഖണ്ഡിക (ii)-ൽ "ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ചെലവുകൾക്കു മാത്രമേ പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക വിനിയോഗിക്കേണ്ടതാണ്" എന്നത് "വിനിയോഗിക്കാൻ പാടുള്ളൂ" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 58)

സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങൾക്ക് വായ്പകളോ മുൻകൂറുകളോ മെയിന്റനൻസ് ഫണ്ടോ നൽകുന്നതിന് ഫണ്ട് ഉപയോഗിക്കേണ്ടതാണ് എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 59)

ഖണ്ഡിക 24 (2)-ലെ 2-ാം മത്തെ വരിയിൽ "ഉൾകൊള്ളിക്കേണ്ടതുമാണ്" എന്നത് "ഉൾക്കൊള്ളിക്കേണ്ടതുമാണ്" എന്നും ഖണ്ഡിക 19(1)-ലെ അവസാനത്തെ വരിയിൽ "ഇരുപ്പത്തി അയ്യായിരം" എന്നത് "ഇരുപത്തി അയ്യായിരം" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 61)

പത്തിൽതാഴെ വർഷം അംശദായം അടച്ചിട്ടുള്ള അംഗത്തിന് അവശത സംഭവിച്ചാൽ എന്താണ് സഹായമെന്നും ഏതെങ്കിലും ഒരംഗം ജോലി ഉപേക്ഷിക്കുകയോ സംഘടനയുടെ അച്ചടക്ക നടപടിക്ക് വിധേയമായി ജോലിയിൽ നിന്നുപോകുകയോ ചെയ്ത് അംഗത്വം നഷ്ടപ്പെട്ട് അംഗത്വം പുനസ്ഥാപിക്കാൻ യാതൊരു സാദ്ധ്യതയുമില്ലെങ്കിൽ അതുവരെ അടച്ച അംശദായം എങ്ങനെ തിരിച്ചു നൽകുമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 62)

ഖണ്ഡിക 28-ൽ റിക്കാർഡുകളുടെ പകർപ്പ് നൽകുന്നത് സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പകർപ്പ് നൽകുന്നതിനായി ഒടുക്കേണ്ട ഫീസ് എത്രയെന്ന് ബോർഡ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അതുംകൂടി ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 58, 59, 61, 62)

സമിതി നിർദ്ദേശിച്ച ഭേദഗതി 792/2016 നമ്പർ എസ്.ആർ.ഒ -യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം II)

(പ്രസ്തുത നടപടി 12-2-2021-ലെ സമിതിയോഗം അംഗീകരിച്ചു)

### ശിപാർശ (ഖണ്ഡിക 63)

ആക്റ്റിലെ 3(4)(ഇ) പ്രകാരം സ്ഥായിയായ ശാരീരിക അവശതമൂലം അല്ലെങ്കിൽ അംഗവൈകല്യംമൂലം ഉപജീവനത്തിനുവേണ്ടിയുള്ള ഏതെങ്കിലും ജോലി ചെയ്യുന്നതിന് കഴിവില്ലാതായ ഒരംഗത്തിന് സാമ്പത്തിക സഹായവും പെൻഷനും നൽകുന്നതിന് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. എന്നാൽ പദ്ധതിയിലെ ഖണ്ഡിക 14(2) പ്രകാരം അവശതാ പെൻഷൻ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഫണ്ടിന്റെ സ്ഥിതി മെച്ചപ്പെടുന്ന വേളയിൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

അംഗങ്ങളിൽ നിന്നും അംശദായവും സെസ്സ് വരുമാനവും പ്രതീക്ഷക്കൊത്തവണ്ണം ലഭിക്കാത്തതിനാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതിയിൽ ഇപ്പോഴും സ്ഥിരത കൈവന്നിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന വേളയിൽ സമിതി ശിപാർശ കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. (സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരമാരായുകയും ചെയ്തു)

## അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

ബോർഡിന്റെ സാമ്പത്തിക സ്ഥിതിയിൽ സ്ഥിരത കൈവരിക്കുന്ന അവസരത്തിൽ ആവശ്യമായ വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. (സാംസ്കാരികകാര്യ വകുപ്പ് 28-9-2018-ലെ 6358/സി3/15/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 16-1-2019-ലെ യോഗത്തിൽ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ (ഖണ്ഡിക 66)

എസ്.ആർ.ഒ. വഴിയല്ലാതെ രൂപീകരിച്ച ബോർഡിൽ 12 നോൺ ഒഫീഷ്യൽ മെമ്പർമാരുൾപ്പെടെ മൊത്തം 22 പേരുണ്ടെന്നും അവർ ഈ രണ്ടു വർഷ കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുകയും അവരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ധാരാളം തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ടെന്നും സമിതി ഈ വേളയിൽ നിരീക്ഷിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് എന്ത് പരിഹാരമാർഗ്ഗം എടുക്കാൻ സാധിക്കുമെന്നും ഇത് പരിഹരിച്ച് അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ 8-ാം വകുപ്പ് (1), (4), (5) എന്നീ ഉപവകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് 14-2-2011 തീയതിയിലെ സ.ഉ(എം.എസ്)10/11/സി.എ.ഡി. ഉത്തരവ് പ്രകാരം 22 ഡയറക്ടർമാരെ ഉൾപ്പെടുത്തി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിരുന്നു. ആയത് 2011 ഫെബ്രുവരി 14 മുതൽ പ്രാബല്യത്തോടുകൂടി 22 ഡയറക്ടർമാരെ ഉൾപ്പെടുത്തി 2013 ഡിസംബർ 12-ലെ ജി.ഒ (എം.എസ്) 50/13/സാം.ക.വ. പ്രകാരം SRO 997/13 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ബോർഡിന്റെ ചെയർമാനായി പ്രവർത്തിച്ചിരുന്ന ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദിനെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത് ശ്രീ. ജി. സുരേഷ് കുമാറിനെ ചെയർമാനായി നിയമിച്ചുകൊണ്ട് 13-9-2011-ലെ സ.ഉ. (എം.എസ്.) 50/11/സി.എ.ഡി. പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ SRO

997/13 ആയി വിജ്ഞാപനം ചെയ്ത ഉത്തരവ് ഭേദഗതി വരുത്തി 27-1-2014-ലെ ജി.ഒ. (എം.എസ്.)5/14/സാം.ക.വ. പ്രകാരം SRO 85/14 ആയി രണ്ടാമതും വിജ്ഞാപനം പുറപ്പെടുവിച്ചു.

19-12-2012 തീയതിയിലെ ജി.ഒ. (എം.എസ്) 68/12/CAD ഉത്തരവ് പ്രകാരം പുതുതായി 12 അനൗദ്യോഗിക അംഗങ്ങളെ ഡയറക്ടർമാരായി ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് പുനഃസംഘടിപ്പിക്കുകയുണ്ടായി. ഈ നടപടിയും 2012 ഡിസംബർ 19 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 24-3-2014 ലെ ജി.ഒ. (എം.എസ്) 14/2014/സാം.ക.വ. പ്രകാരം 226/14 SRO ആയി വിജ്ഞാപനം പുറപ്പെടുവിച്ചു.

(സാംസ്കാരികകാര്യ വകുപ്പ് 3-7-2015 ലെ 6721/സി 3/13 സാം.ക.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-15-ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 68)**

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയത് ഉറപ്പുവരുത്തിയിട്ട് ഒരാഴ്ചയ്ക്കകം വിജ്ഞാപനം പുറപ്പെടുവിക്കാമെന്നും 2013 ഒക്ടോബർ 22-ാം തീയതിക്കുമുൻപ് മറുപടി നൽകാമെന്നും സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഇതിന്മേൽ നടപടി സ്വീകരിക്കാത്തതും മറുപടി ലഭ്യമാക്കാത്തതും ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകാതെയിരിക്കേണ്ടത് ഒരു ആവശ്യമാണ്. ആകയാൽ കാലതാമസം വരുത്തിയതിനുള്ള കാരണം സമിതിയെ അറിയിക്കുന്നതോടൊപ്പം ബോർഡ് രൂപീകരിച്ചത് സംബന്ധിച്ച എസ്.ആർ.ഒ. അടിയന്തരമായി പ്രസിദ്ധീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഈ നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ച സംബന്ധിച്ച് ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡംഗങ്ങളെ നിയമിച്ചുകൊണ്ട് 14-2-2011-ലെ ജി.ഒ.(എം.എസ്) 10/11/CAD പ്രകാരം ഉത്തരവായെങ്കിലും ആയത് വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയാണ് ചൂണ്ടിക്കാട്ടിയത്, ആയത് 22-10-2013-ന് മുമ്പ് വിജ്ഞാപനം ചെയ്ത് റിപ്പോർട്ട് ഹാജരാക്കാമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സത്വര നടപടി സ്വീകരിച്ച് 12-12-2013 തീയതിയിൽ ആദ്യമായി ബോർഡ് രൂപീകരിച്ച ഉത്തരവിന് 14-2-2011 മുതൽ മുൻകാല പ്രാബല്യം നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ

തുടർച്ചയായി രണ്ട് വിജ്ഞാപനങ്ങൾ കൂടി പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. ഇതിനായി നിയമ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതുണ്ടായിരുന്നു. നിയമ വകുപ്പിന്റെ അംഗീകാരത്തോടെ അവസാന വിജ്ഞാപനം പുറപ്പെടുവിച്ചത് 24-3-2014 നാണ്. ടി മൂന്നു വിജ്ഞാപനങ്ങളും സമയാസമയം തന്നെ നിയമസഭ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുമ്പാകെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ മനപൂർവ്വമല്ലാത്ത താമസം നേരിട്ടു.

24-3-2014 തീയതിയിൽ അവസാന വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് ഫയൽ നിയമ വകുപ്പിലേക്കയച്ചപ്പോൾ ബോർഡിൽ നിന്നും രാജിവച്ച ഒരു ഡയറക്ടറെ ഒഴിവാക്കിക്കൊണ്ടും ധനകാര്യ/നിയമ വകുപ്പിന്റെ എക്സ് ഒഫീഷ്യോ മെമ്പർമാരുടെ വിലാസം ഉൾപ്പെടുത്തിക്കൊണ്ടും വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം ഫയൽ വീണ്ടും ധനകാര്യം/നിയമ വകുപ്പിലേക്കും അയക്കേണ്ടി വന്നു. ഇപ്രകാരമുള്ള കാലതാമസമാണ് സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിക്ക് മുമ്പാകെ ലഭ്യമാക്കാൻ കാലതാമസത്തിനിടയാക്കിയത്.

(സാംസ്കാരികകാര്യ വകുപ്പ് 3-7-2015-ലെ 6721/സി3/13/സാം.കാ.വാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 20-9-2015-ലെ സമിതി യോഗം അംഗീകരിച്ചു)

<u>എസ്.ആർ.ഒ. നമ്പർ 247/2013</u>

**ശിപാർശ (ഖണ്ഡിക 71)**

ചട്ടം 2(ബി) പ്രകാരം " പ്രവർത്തന ഫണ്ട് എന്നാൽ 9-ാം ചട്ടം(3) ഉപചട്ടപ്രകാരം അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രവർത്തന ഫണ്ട് എന്നർത്ഥമാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ പ്രവർത്തന ഫണ്ട് വിശദീകരിച്ചിരിക്കുന്നത് ചട്ടം 10(3) പ്രകാരമാണ്. ചട്ടം 10(3) പ്രകാരം "അംശദായത്തിന്റെ 10% കവിയാത്ത തുക പ്രവർത്തനഫണ്ടായി പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാവുന്നതും ..........എന്നിവ പ്രവർത്തന ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതു മാണ്." ആയതിനാൽ ചട്ടം 2(ബി) " പ്രവർത്തന ഫണ്ട് എന്നാൽ 10-ാം ചട്ടം (3)-ാം ഉപചട്ട പ്രകാരം പ്രത്യേക അക്കൗണ്ടിൽ .......... എന്നർത്ഥമാകുന്നു." എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി</u>**

സമിതി നിർദ്ദേശിച്ച ഭേദഗതി 791/2016 നമ്പർ എസ്.ആർ.ഒ.-യിൽ ഉൾപ്പെട്ടിട്ടുണ്ട്. (അനുബന്ധം I)

(പ്രസ്തുത നടപടി 12-2-2021-ലെ സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ ഖണ്ഡിക (72)

ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

12-12-2013-ലെ സ.ഉ. നമ്പർ 50/13/സാം.ക.വ. ഉത്തരവ് SRO No.997/2013 ആയി വിജ്ഞാപനം ചെയ്ത് ഉത്തരവായിട്ടുണ്ട്.

(സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു).

## ശിപാർശ (ഖണ്ഡിക 73)

ചട്ടം 7(1)-ലെ 2-ാം മത്തെ വരിയിൽ "വിധേയമായ" എന്നത് "വിധേയമായി" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 74)

ചട്ടം 7(3)-ലെ "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന കാര്യമോ...... ബോർഡിന്റെ അടിയന്തര യോഗത്തിന് ഉചിതമായ സമയം നൽകി നോട്ടീസ് നടത്താവുന്നതാണ്" എന്നത് "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന ...... കാര്യമോ പരിഗണിക്കുന്നതിനായി, ബോർഡിന് അടിയന്തര യോഗം വിളിച്ചുകൂട്ടാവുന്നതും, അതിന് ന്യായമായ സമയം നൽകി നോട്ടീസ് നൽകേണ്ടതാണ്" എന്ന് തിരുത്തൽ വരുത്തുന്നതാണ് കൂടുതൽ ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 7(3) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 75)

ചട്ടം 8-ലെ രണ്ടാമത്തെ വരിയിൽ "വോട്ടിടുന്ന പക്ഷം" എന്നത് "വോട്ടിനിടുന്ന പക്ഷം" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 76)

യോഗനടപടിക്കുറിപ്പുകൾ സംബന്ധിച്ച ചട്ടം 9(1)- ൽ "ഓരോ ബോർഡ് യോഗത്തിന്റെയും നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഒരു യോഗം കൂടി 15 ദിവസത്തിനകം ആ യോഗനടപടിയുടെ വിശദാംശങ്ങൾ ഡയറക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്." എന്നത് ഓരോ ബോർഡ് യോഗത്തിന്റെയും യോഗ നടപടിക്കുറിപ്പ് സെക്രട്ടറി യോഗനടപടിക്കുറിപ്പ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും യോഗം കൂടി 15

ദിവസത്തിനകം എല്ലാ ഡയറക്ടർമാർക്കും യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അയച്ചുകൊടുക്കേണ്ടതു മാണ്. യോഗനടപടിക്കുറിപ്പ് പുസ്തകം സ്ഥിരം റിക്കാർഡായി സൂക്ഷിക്കേണ്ടതാണ് എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 9(1) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 77)

ചട്ടം 9(2) "ഒരു യോഗം സംബന്ധിച്ച വിശദവിവരങ്ങളുടെ കരട് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും നേരത്തെ നല്കിയ കരട് യോഗനടപടികളിൽ എന്തെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ അത് സ്ഥിതീകരിച്ച് രേഖപ്പെടുത്തി ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതുമാണ്". എന്നത് "ഒരു യോഗത്തിന്റെ യോഗനടപടിക്കുറിപ്പ് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും യോഗനടപടിക്കുറിപ്പിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം അത്തരം മാറ്റത്തോടെ അംഗീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതുമാണ്" എന്ന് മാറ്റം വരുത്തുന്നതാണ് കൂടുതൽ ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ചട്ടം 9(2) അപ്രകാരം ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 79)

രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം 11 ഭേദഗതി ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി (ശിപാർശ ഖണ്ഡിക 73, 74, 75, 76, 77, 79)

സമിതി നിർദ്ദേശിച്ച ഭേദഗതി 791/2016 നമ്പർ എസ്.ആർ.ഒ-യിൽ ഉൾപ്പെട്ടിട്ടുണ്ട്. (അനുബന്ധം I)

(പ്രസ്തുത നടപടി 12-2-21-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക 80)

ചട്ടം 14(2) പ്രകാരം വാർഷിക റിപ്പോർട്ടും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും ഓരോ വർഷവും ജൂലൈ അവസാനത്തിനു മുമ്പായി സർക്കാരിന് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

(സാംസ്കാരികകാര്യ വകുപ്പ് 19-3-2016-ലെ 6358/സി3/14/സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 4-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## അധ്യായം III

### തുടർ ശിപാർശ

സാംസ്കാരികകാര്യ വകുപ്പ്

### തുടർ ശിപാർശ (ഖണ്ഡിക 56)

ഖണ്ഡിക 13-ലെ "നിധിയുടെ കണക്കുകൾ" സംബന്ധിച്ച വ്യവസ്ഥയിൽ അംശദായ കണക്കുകൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഉപ ഖണ്ഡിക (2) ആയി "നിധിയിലേക്ക് അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അംശദായ തുകയും ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന തുകയും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി അക്കൗണ്ട് എന്ന പേരിൽ വരവ് വയ്ക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതല്ലേയെന്നും, ഖണ്ഡിക 13-ന്റെ ഉപഖണ്ഡിക (2) ആയി മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ ചേർക്കുന്നപക്ഷം ഇപ്പോഴുള്ള ഉപഖണ്ഡിക (2) ഉപഖണ്ഡിക (3) ആയി പുന:ക്രമീകരണം നടത്താവുന്നതല്ലേയെന്നും, പദ്ധതിയിൽ 13-ാം ഖണ്ഡിക പ്രകാരം "കണക്കുകൾ" എന്ന ശീർഷകത്തിലും ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള "ബോർഡിന്റെ കണക്കുകൾ സൂക്ഷിക്കൽ" എന്നതിലും ബോർഡിന്റെ കണക്കുകൾ തന്നെയാണ് പരാമർശിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതിയിലോ ചട്ടത്തിലോ ഏതെങ്കിലും ഒന്നിൽ അത് നിലനിർത്തുന്നതല്ലേ ഉചിതമെന്ന് സമിതി ആരാഞ്ഞതിന് ഖണ്ഡികകൾ പുന:ക്രമീകരണം നടത്തി "ബോർഡിന്റെ കണക്കുകൾ" എന്ന് ചട്ടത്തിൽ നിലനിർത്താമെന്ന് നിയമ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ **ഖണ്ഡികകൾ പുന:ക്രമീകരണം നടത്തി ബോർഡിന്റെ കണക്കുകൾ എന്ന് ചട്ടത്തിൽ നിലനിർത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

അനുബന്ധം I